(ബി) നഷ്ടപരിഹാരം നൽകിയിട്ടില്ല. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

(സി) ഇല്ല. നാട്ടുകാരുടെ കടിയേറ്റ കന്നുകാലികൾക്ക് പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ്പ് നൽകി വരുന്നു.

(ഡി) പേപ്പട്ടിയുടെ കടിയേറ്റ കന്നുകാലികൾക്ക് ചികിത്സ നൽകാതെ കുത്തിവയ്പ്പെടുത്ത് അവയെ കൊല്ലാനുള്ള ഉത്തരവ് മൃഗസംരക്ഷണ വകുപ്പ് വെറ്ററിനറി ഡോക്ടർമാർക്കു നൽകിയിട്ടില്ല.

(ഇ) രോഗബാധയേറ്റ് അക്രമാസക്തമായ ഉരുക്കളെ ഉടമസ്ഥരുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ആവശ്യപ്രകാരം ദയാവധം നടത്തിയിട്ടുണ്ട്.

പേപ്പട്ടിയുടെ കടിയേൽക്കുന്ന വളർത്തുമൃഗങ്ങൾ

312 (1755) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേപ്പട്ടിയുടെ കടിയേൽക്കുന്ന വളർത്തുമൃഗങ്ങൾക്ക് കുത്തിവയ്പ്പ് നൽകിയിട്ടും പേയിളകുന്നതായ വാർത്തശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുത്തിവപ്പ് ഫലപ്രദമാവാതെ കൊല്ലപ്പെടുന്ന കന്നുകാലികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പേവിഷബാധയേറ്റു ചാവുന്ന വളർത്തുമൃഗങ്ങളുടെ ഉടമസ്ഥർക്ക് ദുരന്തനിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.

താറാവുകൾക്ക് അജ്ഞാത രോഗം

313 (1756) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ താറാവുകൾ അജ്ഞാത രോഗം കാരണം കൂട്ടത്തോടെ ചാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടി രോഗം പടർന്നു പിടിക്കുന്നത് തടയുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മൃഗസംരക്ഷണ വകുപ്പ് താറാവുകൾക്ക് കൃത്യമായി വാക്സിൻ നൽകുന്നില്ലെന്ന പരാതി ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) താറാവുകൾക്ക് ജീവനാശം സംഭവിച്ച് കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്ത ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി, കോട്ടയം ജില്ലയിലെ അയ്മനം, കുമരകം, പത്തനംതിട്ട ജില്ലയിലെ പെരിങ്ങര എന്നീ പ്രദേശങ്ങളിലെ 1 കി.മീ. ചുറ്റളവിലെ രോഗം ബാധിച്ചതും അവയോടൊപ്പം ഉണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്ന് സംസ്കരിച്ചു വരുന്നു. ടി ജില്ലകളിലേയ്ക്കും പുറത്തേക്കുമുള്ള പക്ഷി, പക്ഷി ഉത്പന്നങ്ങൾ, തീറ്റ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചിട്ടുണ്ട്. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നൽകുന്നുണ്ട്.

(സി&ഡി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷിപ്പനിക്ക് ഫലപ്രദമായ വാക്സിൻ ഇപ്പോൾ ലഭ്യമല്ല. താറാവുകളെ സാധാരണയായി ബാധിക്കുന്ന Duck plague, Duck pasteurllosis എന്നീ രോഗങ്ങൾക്ക് ആവശ്യമായ വാക്സിൻ വകുപ്പിൽ നിന്നും താറാവുകൾക്ക് സൗജന്യമായി നൽകുന്നുണ്ട്.

(ഇ) താറാവുകൾക്ക് ജീവനാശം സംഭവിച്ചതിന് കർഷകർക്ക് ദുരന്തനിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികളെടുക്കുന്നതാണ്. പക്ഷിപ്പനി ബാധിച്ചതുമൂലം കൊന്ന് സംസ്കരിച്ച പക്ഷികൾക്ക് രണ്ടു മാസത്തിനു താഴെ പ്രായമുള്ളവയ്ക്ക് ഒന്നിന് 100 രൂപാവീതവും രണ്ടു മാസവും അതിനുമുകളിലും പ്രായമുള്ളവയ്ക്ക് ഒന്നിന് 200 രൂപാവീതവും നഷ്ടപരിഹാരമായി അപ്പോൾത്തന്നെ വിതരണം ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly